**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം- പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്തിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ഗ്രേഡ് II) ശ്രീ.അനിൽ.കെ.ജോസിന് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ക്ലെയിം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സർക്കാർ ഉത്തരവ് (സാധാ) നമ്പർ. 88 /2017 /തസ്വഭവ, തിരുവനന്തപുരം, തീയതി, 11.01.2017.

---

പരാമർശം :-1. ശ്രീ.അനിൽ.കെ.ജോസ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച 10.07.2015 ലെ അപേക്ഷ.

2. ഗ്രാമവികസന കമ്മീഷണറുടെ 04.07.2016 തീയതിയിലെ 6748/എസ്റ്റാ.സി1 /2016/ സിആർഡി നമ്പർ കത്ത്.

3. എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസറുടെ 31.03.2016 ലെ സി3. 6263/16 നമ്പർ കത്ത്.

**ഉത്തരവ്**

പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്തിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറായ ശ്രീ.അനിൽ.കെ.ജോസിന്റെ മാതാവായ ശ്രീമതി.പെണ്ണമ്മയ്ക്ക് മൂവാറ്റുപ്പുഴ Sabine Hospital and Research Centre-ലെ ഗൈനക്കോളജി വിഭാഗം ചികിത്സയ്ക്ക് ചെലവായ തുകയ്ക്ക് മെഡിക്കൽ റീഇംബേഴ്സ്മെന്റ് ക്ലെയിം അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ, പ്രത്യേക അനുമതിയ്ക്കായി ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്ത് പരാമർശം (2) പ്രകാരം സർക്കാരിന് സമർപ്പിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്തിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ഗ്രേഡ് II) ആയ ശ്രീ അനിൽ ജോസിന്റെ മാതാവിന്റെ ഗൈനക്കോളജി വിഭാഗം ചികിത്സയ്ക്ക് 10.05.15 മുതൽ 15.05.15 വരെ മൂവാറ്റുപ്പുഴ Sabine Hospital and Research Centre -ൽ ചെലവായ തുകയിൽ, അനുവദനീയമായ തുകയായി പരാമർശം (3) പ്രകാരം എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്ത തുകയുടെ 80%ആയ 9,509/-രൂപ( ഒൻപതിനായിരത്തി അഞ്ഞൂറ്റി ഒൻപത് രൂപ മാത്രം ), ടിയാന് പ്രതിപൂരണം ചെയ്ത് നൽകുന്നതിന് അനുമതി നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ജയശ്രീ.എം.**

**അണ്ടർ സെക്രട്ടറി**

ശ്രീ.അനിൽ.കെ.ജോസ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ഗ്രേഡ് II), പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത് (ഗ്രാമവികസന കമ്മീഷണർ മുഖേന)

ഗ്രാമവികസന കമ്മീഷണർ. (ബില്ലുകളും അനുബന്ധ രേഖകളും സഹിതം)

ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, പാമ്പാക്കുട , എറണാകുളം

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൌണ്ടന്റ് ജനറൽ (എ & ഇ), എറണാകുളം

ധനകാര്യ വകുപ്പ് (അ.ഔ.നമ്പർ. Loans L3/582/2016/Fin, തീയതി, 08.11.2016.)

ഇൻഫർമേഷൻ കേരള മിഷൻ

വിവരപൊതുജനസമ്പർക്ക(വെബ്&ന്യൂമീഡിയ) വകുപ്പ്(സർക്കാർവെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ